മധുരമായ കുട്ടികളെ, പദവിക്കാധാരം പഠിപ്പാണ്. പഠിച്ച് മററുള്ളവരെ പഠിപ്പിക്കണം. തെരുവുകള് തോറും പോയി ബാബയുടെ പരിചയം കൊടുക്കണം.

ചോദ്യം **:-** നിങ്ങള് കുട്ടികള്ക്ക് ഏതു ഇച്ഛക്കു ഉപരിയായിരുന്നാണ് സേവനം ചെയ്യേണ്ടത്?

ഉത്തരം **:-** നിങ്ങള് ദയാമനസ്കരായ കുട്ടികളാകണം, നിങ്ങള്ക്ക് ആരില് നിന്നും പൈസ വാങ്ങുന്നതിനുള്ള ഇച്ഛ വെക്കാന് പാടില്ല. ഈ ഇച്ഛക്ക് ഉപരിയായിരുന്ന് ദാനം ചെയ്യുന്ന സേവനത്തില് മുഴുകിയിരിക്കണം. മററുള്ളവരെ തനിക്കു സമാനമാക്കി തീര്ക്കേണ്ട കാര്യത്തില് മുഴുകിയിരിക്കണം. ബുദ്ധിയിലുണ്ടാകണം- ഭാഗ്യത്തിലുള്ളവര് തീര്ച്ചയായും വിത്ത് വിതക്കും. വാക്കുകൊണ്ടോ, കര്മ്മം കൊണ്ടോ സേവനം ചെയ്യുവാന് കഴിയുന്നില്ലെങ്കില് ധനം കൊണ്ട് സഹയോഗിയായി തീരൂ. ദരിദ്രരായ കുട്ടികള്ക്ക് ഒരു പിടി അരി കൊടുത്ത് കൊട്ടാരം നേടുവാന് കഴിയും.

ഗീതം **:-** പ്രിയതമാ വന്ന് കൂടിക്കാഴ്ച നടത്തൂ............

ഓം ശാന്തി: പ്രിയതമകളെ സംബന്ധിച്ചിടത്തോളം ഒരു വിളി തന്നെ ധാരാളമാണ്. ഇപ്പോള് ഇതാരാണ് വിളിച്ചത,് ആരേയാണ്? ബാബ വഴി നിങ്ങള് ബാബയെ അറിഞ്ഞു. അതുകൊണ്ട് നിങ്ങള് കുട്ടികള് മാത്രമെ ഇതറിയുന്നുള്ളൂ. അച്ഛന് മകനെ പ്രത്യക്ഷപ്പെടുത്തുന്നു, പിന്നീട് മകന് അച്ഛനെ പ്രത്യക്ഷപ്പെടുത്തുന്നു- ഇങ്ങിനെ നിയമമുണ്ട്. ഇപ്പോള് പ്രിയതമകള് എല്ലാവരും പ്രിയതമനെ വിളിക്കുന്നു. ഇപ്പോള് പാടിയ ഗീതം കൃഷ്ണനെ കുറിച്ചുള്ളതാണ്. ഏവര്ക്കും കൃഷ്ണനോട് പ്രീതിയുണ്ട്. കൃഷ്ണനാണ് രാജയോഗം പഠിപ്പിച്ചതെന്ന് കൃഷ്ണഭക്തര് വിചാരിക്കുന്നു. വാസ്തവത്തില് എല്ലാവരുടേയും പ്രിയതമന് ഒരുവന് മാത്രമാണ്. എല്ലാ പതിതരേയും പവിത്രമാക്കി തീര്ക്കുന്നവന് ഒരാള് മാത്രമാണ്. നിരാകാരനെ ഓര്മ്മിക്കുന്നുവെങ്കിലും പരമപിതാ പരമാത്മാവിനെ യഥാര്ത്ഥരീതിയില് അറിയുന്നില്ല. നിരാകാരന് എന്നു പറയുന്നതിന്െറ അര്ത്ഥം എന്താണ് എന്നറിയുന്നില്ല. വാസ്തവത്തില് രാമന് ഒന്നേയുള്ളൂ. ആ രാമനെ തന്നേയാണ് അല്ലയോ പ്രഭോ, അല്ലയോ ഈശ്വരാ, ദൈവമേ എന്നെല്ലാം വിളിക്കുന്നത്. അത് ശരീരരൂപത്തിലുള്ള മനുഷ്യനേയൊ ദേവതയെയോ അല്ല വിളിക്കുന്നത്. ബുദ്ധി നിരാകാരന്െറ ഭാഗത്തേക്കാണ് പോകുന്നത്. എല്ലാവരുടേയും ദൈവപിതാവ് ഒന്നുതന്നേയാണ്. നാം സഹോദരന്മാ രാണെന്ന് മനസ്സിലാക്കുന്നുമുണ്ട്. എന്നാല് സഹോദരന്മാരായിരിക്കുന്നത് ആത്മരൂപത്തിലാണ്. ഓരോരുത്തരും അവരവരുടെ ധര്മ്മത്തില്പ്പെട്ടവരാണ്. തന്റെ ധര്മ്മത്തില്പ്പെട്ട സഹോദരന്മാര് പോലും വഴക്കടിച്ചുകൊണ്ടിരിക്കുന്നു. സര്വ്വരും ദു:ഖിതരായിരിക്കുമ്പോള് എന്നെ ഓര്ക്കൂ എന്ന് ബാബ പറയുന്നു. കാരണം സര്വ്വരുടേയും പതിതപാവനന് ഞാനാകുന്നു. സര്വ്വ പ്രിയതമകളുടേയും പ്രിയതമന് ഒരുവനാകുന്നു. പ്രിയതമകള് പ്രിയതമനെ ഓര്ക്കുന്നു. പ്രിയതമനുമായി മിലനം ചെയ്യണം എന്ന് പ്രിയതമകളാണ് ഓര്ക്കുന്നത്. വിളിക്കുന്നത് ആത്മാവാണ് ,ശരീരമല്ല. ജീവാത്മാവ് ജീവാത്മാവിനോടാണ് സംസാരിക്കുന്നത്. ഈ ലോകത്തില് മനുഷ്യര് ദേഹാഭിമാനിയായതുകൊണ്ട് സ്വയം തന്നെ ശരീരമാണെന്ന് മനസ്സിലാക്കി വെച്ചിരിക്കുന്നു. ജീവാത്മാവാണ് വിളിക്കുന്നത് എന്ന് നിങ്ങള് കുട്ടികള് വളരെ നന്നായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആത്മാവാണ് സ്നേഹിക്കുന്നത്. ശരീരം ശരീരത്തെ സ്നേഹിക്കുന്നില്ല. ആത്മാവാണ് ശരീരം ധാരണ ചെയ്യുന്നത്. ഈ സമയത്തെ സ്നേഹം പോലും അശുദ്ധമാണ്. ദേവീദേവതകളുടെ സ്നേഹം വളരെ ശുദ്ധമാണ്. വികാരമുണ്ടെങ്കിലേ സ്നേഹമുള്ളൂ എന്നാണ് മനുഷ്യര് മനസ്സിലാക്കി വെച്ചിരിക്കുന്നത്. എന്നാല് സത്യയുഗത്തില് സ്നേഹമേ ഉള്ളൂ, വികാരമില്ല. ബാബ നിങ്ങള് കുട്ടികളെ 21 ജന്മത്തേക്ക് വികാരങ്ങളില് നിന്നും സംരക്ഷിക്കുന്നു. ആര്ക്കും ഈ കാര്യങ്ങള് മനസ്സിലാക്കികൊടുത്താല് അവര് സന്തുഷ്ടരാകും..

ബാബാ സേവനമൊന്നും ഇല്ല എന്നു നിങ്ങള് പറയുന്നുവല്ലോ. അതുകൊണ്ട് സേവനത്തിന്െറ വിവിധ രീതികള് ബാബ പറഞ്ഞുതരുന്നു, ദസറ വരികയാണ് ദേവിമാരുടെ പൂജകള് എല്ലാ സ്ഥലത്തുമുണ്ട്. അവിടെ പോയി മനസ്സിലാക്കികൊടുക്കണം. ബാബയുടെ പരിചയം കൊടുക്കണം. ആ ബാബ പരമപിതാ പരമാത്മാവായ നിരാകാരനായ അച്ഛനാകുന്നു. ആത്മാക്കളായ നാം മൂലവതനത്തിലാണ് വസിക്കുന്നത്. വീടിനേയും വതനം എന്നു പറയും. ആത്മാക്കളാകുന്ന നമ്മുടെ അച്ഛനും അവിടേയാണ് വസിക്കുന്നത്. ഈ നാടകമനുസരിച്ച് എല്ലാം

നടക്കുന്നു. ആ പിതാവിനും തന്റെ സമയത്തു തന്നെ കൃത്യമായി വരേണ്ടിയിരിക്കുന്നു. അച്ഛന് ഒന്നേയുള്ളൂ . ബാക്കി എല്ലാവരും ആത്മാക്കളാകുന്നു. ഇത് മനുഷ്യസൃഷ്ടി ആകുന്നു. ഈ സൃഷ്ടിയില് ദൈവീകഗുണമുള്ള മനുഷ്യര് ലക്ഷ്മിയും നാരായണനും സത്യയുഗ ത്തിലായിരുന്ന ഉണ്ടായിരുന്നത്. പിന്നെ 8,10 കൈകളുള്ള മനുഷ്യരൊന്നും ഉണ്ടായിരുന്നില്ല. ഇവരെല്ലാം എവിടെ നിന്നാണ് വന്നതെന്ന് പൂജ നടക്കുന്നിടത്തുപോയി നിഷ്കളങ്കമായി ചോദിക്കണം. വളരെയധികം പേര് രുദ്രയജ്ഞം രചിക്കുന്നുണ്ട്. ധനവാന്മാര് യജ്ഞം നടത്തികൊണ്ടേ ഇരിക്കുന്നു. നിങ്ങള്ക്ക് എവിടേയും പോയി വിശദീകരിക്കാം നിങ്ങള് ചുറ്റിക്കറങ്ങുന്ന യോഗികളാണല്ലോ. ആര് ഏത് ദേശത്തു വസിക്കുന്നുവൊ അവിടെ സേവനം ചെയ്യുവാന് കഴിയും. ഇവരെ പൂജിക്കുവാന് ഇവര് ആരാണെന്നും, എന്തു കര്ത്തവ്യമാണ് അതിനുവേണ്ടി ചെയ്തതെന്നും, ആരുടെ സന്താനമാണിവരെന്നും ചോദിക്കണം. നിങ്ങള്ക്ക് ദയാമനസ്കരായി ഏവരുടേയും നന്മ ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് അവര്ക്ക് ഇക്കാര്യങ്ങള് മനസ്സിലാക്കികൊടുക്കണം. അവര് അനാവശ്യമായി പൈസ ചിലവാക്കുകയാണ്.

കുട്ടികള്ക്ക് വളരെയധികം സേവനം ചെയ്യുവാനുണ്ട്. ദസറ വരികയാണ് രാവണനെ എന്തിനാണ് കത്തിക്കുന്നത് എന്ന് മററുള്ളവര്ക്ക് ഈ അവസരത്തില് മനസ്സിലാക്കികൊടുക്കണം. രാവണന്റെ രാജ്യം ഏതു സമയം മുതല് ഏതു സമയം വരേയായിരുന്നു? പിന്നെ വിഷ്ണുവിന്റെ രാജ്യം എത്ര സമയം നിലനിന്നു? എന്നെല്ലാം മനസ്സിലാക്കികൊടുക്കണം. ഇതാണ് ബ്രഹ്മാവിന്റെ പകല്. ഇതാണ് ബ്രഹ്മാവിന്റെ രാത്രി. ഇക്കാര്യങ്ങള് ഗവണ്മെന്റിനു പോലും മനസ്സിലാക്കികൊടുക്കണം ഇപ്പോള് രാവണരാജ്യ മാണല്ലോ. അത് വിഷ്ണുസമ്പ്രദായം അഥവാ ദൈവീകസമ്പ്രദായം ആകുന്നു. ഇപ്പോഴത്തേത് ആസുരീയ സമ്പ്രദായം ആകുന്നു. വലിയ വലിയ ആളുകള്ക്കെല്ലാം ഇത് മനസ്സിലാക്കികൊടുക്കണം. ചിത്രം കൊണ്ടുപോകണം. പരിശ്രമിക്കണം. പേര് പ്രശസ്തമാകത്തക്ക വിധത്തില് അസ്ത്രം തൊടുക്കണം. ബനാറസില് "സരസ്വതി" എന്നൊക്കെയുള്ള വലിയ വലിയ ബിരുദങ്ങള് ലഭിക്കുന്നു. സരസ്വതി വാസ്തവത്തില് ജഗദംബയാകുന്നു. ജഗത്തിനെ അഥവാ ലോകത്തെ രചിക്കുന്നവരേയാണ് ജഗദംബ എന്ന് ഭാരതവാസികള് പറയുന്നത്. ജഗദംബയുണ്ടെങ്കില് ജഗത്പിതാവുമുണ്ടാകുമല്ലോ? ജഗത്പിതാവ് ബ്രഹ്മാവാകുന്നു. ജഗദംബ സരസ്വതിയാകുന്നു. സരസ്വതി ബ്രഹ്മാവിന്റെ മകള് കൂടിയാകുന്നു. ബ്രഹ്മാമുഖവംശാവലിയാകുന്നു. ബ്രഹ്മാവിനെ രചിക്കുന്നവന് ആരാണ് ? ശിവപരമാത്മാവേ നമഃ എന്ന് പാടുന്നുവല്ലോ. ബ്രഹ്മാവിനെ ദേവതായെ നമഃ എന്നാണ് പറയുന്നത്. അതുകൊണ്ട് ദേവതകളേയും രചിക്കുന്നവന് ശിവപരമാത്മാവാകുന്നു. ആ പരമാത്മാവില് നിന്നും സമ്പത്ത് ലഭിച്ചിട്ടുണ്ടാകും. അതുകൊണ്ട് നിങ്ങള് കുട്ടികള് ഇവയെല്ലാം മനസ്സിലാക്കികൊടുക്കുന്നതിനുള്ള സേവനത്തിന് പോകണം. നന്നായി മനസ്സിലാക്കികൊടുക്കുവാന് കഴിവുള്ളവര് സേവനത്തിന് പോകുക തന്നെ വേണം. ബാബക്ക് ഓരൊ ഇടവഴിയിലും പോകുവാന് കഴിയില്ല. കുട്ടികളുടെ ജോലിയാണിത്. സേവനം ചെയ്യുന്നില്ല എങ്കില് സേവനം ചെയ്യുവാന് കൊള്ളാത്തവനാണെന്ന് മററുള്ളവര് മനസ്സിലാക്കും. പദവിയും അതുപോലെ കുറഞ്ഞതായിരിക്കും. ബാബയുടെ കുട്ടികളായിതീര്ന്നു എന്നാലും പഠനത്തില് പൂര്ണ്ണമായും ശ്രദ്ധ വേണം. നന്നായി പഠിക്കുന്നവര് ഉയര്ന്ന പദവി നേടും. ഉയര്ന്ന പദവി നേടുന്നതിനുള്ള പുരുഷാര്ത്ഥം ചെയ്യണം. ശിവബാബ സന്മുഖത്തിരുന്ന് മനസ്സിലാക്കിതരികയാണ്. ശിവബാബ മധുബനിലിരുന്ന് മുരളി പറയുന്നുണ്ടാകും എന്ന് പുറത്തുള്ള കുട്ടികള് വിചാരിക്കും. മുരളി വന്നില്ല എങ്കില് ശിവബാബയുടെ മുരളി എന്തുകൊണ്ടാണ് വരാത്തത് എന്നോര്ത്ത് കുട്ടികള് വിഷമിക്കും. ശിവബാബയുടെ മുരളി കൊണ്ടാണ് നമ്മുടെ ജന്മം രത്നതുല്യമാക്കിതീര്ക്കേണ്ടത്. മുരളി ദിവസവും കേള്ക്കണം. 7 ദിവസത്തെ മുരളി പോലും പഠിച്ചുകഴിഞ്ഞാല് എത്ര സന്തോഷമാണ് ലഭിക്കുക. തീര്ച്ചയായും പഠിക്കണം. മുടന്തനും, മററു അംഗവൈകല്യമുള്ളവര്ക്കും ഊമക്കും എല്ലാം മുരളി പഠിക്കുവാന് കഴിയും. അസുഖമായാല് പോലും മുരളി പഠിക്കണം.

നിങ്ങള് കേവലം പറയൂ- നിങ്ങള്ക്ക് രണ്ട് പിതാക്കന്മാരുണ്ട്, എങ്കില് സമ്പത്തെടുക്കേണ്ടവര് ഈ രണ്ടു വാക്കുകളില് നിന്ന് തന്നെ കാര്യം മനസ്സിലാക്കും. ഈ അറിവ് അത്രയും എളുപ്പമാണ്. ബാബയെ ഓര്ക്കുക വഴി മുഴുവന് ചക്രവും ബുദ്ധിയില് വരും. ബുദ്ധിയില് ചക്രം തിരിക്കുന്നിടത്തോളം ചക്രവര്ത്തിയായിതീരുവാന് കഴിയും. നിങ്ങള് ദേവീദേവതകളായിരുന്നു എന്നും, 84 ജന്മം കറങ്ങി ഇപ്പോള് വീണ്ടും ദേവതയായിതീരുന്നു എന്നും, ആരാണൊ എന്റെ ഭക്തരായിരിക്കുന്നത് അഥവാ ലക്ഷ്മീനാരായണനെ പൂജിക്കുന്നവരായിരിക്കുന്നത് അവര്ക്ക് മനസ്സിലാക്കികൊടുക്കണം. ഈ ബാബയും ലക്ഷ്മീനാരായണന്റെ ഭക്തനായിരുന്നുവല്ലോ. പൂജാരിയില് നിന്നും വീണ്ടും പൂജ്യരായിതീരുന്നുവല്ലോ. ലക്ഷ്മീനാരായണന് പൂജ്യനാണല്ലോ ഇന്നലെ നാം ഇവരുടെ പൂജ ചെയ്തിരുന്നു,

ഇന്ന് നാം അതായികൊണ്ടിരിക്കുന്നു എന്ന് നിങ്ങള് കുട്ടികള് ലക്ഷ്മീനാരായണന്റെ ക്ഷേത്രത്തില് പോകുമ്പോള് പറയണം. മനസ്സിലാക്കികൊടുക്കുവാന് വളരെ എളുപ്പമാണ്. നിങ്ങള് കുട്ടികള് ദയാമനസ്കരായിതീരണം. സേവനത്തിന് താല്പര്യമുള്ളവര് അത് മനസ്സിലാക്കികൊടുക്കുന്ന ബ്രാഹ്മണിയുടെ കൂട്ടു പിടിക്കും- ഞങ്ങള്ക്കു കൂടി പറഞ്ഞുതരൂ. ശിവബാബയുടെ ഭണ്ഡാരത്തില് നിന്നാണല്ലോ നിങ്ങള് കഴിക്കുന്നത്. അതുകൊണ്ട് ശിവബാബയുടെ സേവനം ചെയ്യണമല്ലോ. ഏവരും ശിവബാബയുടെ ഭണ്ഡാരത്തില് ആണല്ലോ ഇടുന്നത്. ഞങ്ങള് ശിവബാബയുടെ ഭണ്ഡാരത്തില് നിന്നാണ് കഴിക്കുന്നത്. അതുകൊണ്ട് മനസാ വാചാ കര്മ്മണാ സേവനം ചെയ്യേണ്ടതുണ്ട്. ഇവിടെ നിങ്ങള്ക്ക് എത്ര ലഹരിയാണുള്ളത്. ആ ലഹരി വീട്ടില് ലഭിക്കുകയില്ല. മനസാ സേവനം ചെയ്യേണ്ടതുണ്ട്. ബാബയെ ഓര്മ്മിക്കേണ്ടതുണ്ട്. പവിത്രമായിതീരേണ്ടതുണ്ട്. ശംഖധ്വനിയും മുഴക്കണം. കര്മണാ ഏതെങ്കിലും തരത്തിലുള്ള യജ്ഞസേവനം ചെയ്യണം. തുടക്കത്തില് മമ്മയും ബാബയുമെല്ലാം പോലും പാത്രം കഴുകിയിരുന്നു. ചാണകവരളി ഉണ്ടാക്കിയിരുന്നു. ദേഹാഭിമാനം വിടുന്നതിനുവേണ്ടി എല്ലാം ചെയ്തിരുന്നു. ഇപ്പോള് എല്ലാവരിലും ദിവസം തോറും ദേഹാഭിമാനം വളര്ന്നുകൊണ്ടിരിക്കുന്നു. യജ്ഞത്തില് നിന്ന് കഴിക്കുന്നുവെങ്കില് സേവനം ചെയ്യുക തന്നെ വേണം. ബാബയെ ഓര്ക്കുക വഴി വികര്മ്മം നശിക്കും. സര്വ്വവ്യാപിയാണെന്ന് പറഞ്ഞാല് എങ്ങിനെയാണ് വികര്മ്മം നശിക്കുക? സര്വ്വവ്യാപിയാണെന്ന് പറയുന്നതുമൂലം ബുദ്ധികൊണ്ട് ബാബയില് യോഗം വെക്കുവാന് കഴിയുകയില്ല. യോഗം ചെയ്യണം. ജ്ഞാനദാനം കൊടുക്കണം. അതിനു കഴിയുന്നില്ലെങ്കില് സ്ഥൂലസേവനം ചെയ്യണം. അതിനും കഴിയുന്നില്ലെങ്കില് ധനം കൊണ്ട് സേവനം ചെയ്യണം. അതു ഒരു സേവനം ആയിതീരും. വിത്തു വിതച്ചാല് അതില് നിന്നും ഫലം ഉണ്ടാകും. ഇവിടെ ഈ വില കുറഞ്ഞ വസ്തുക്കള് കൊടുക്കുക വഴി അവിടെ കൊട്ടാരം ലഭിക്കും. ബീജം വിതക്കണം എന്ന് ആരോടും പറയേണ്ട ആവശ്യമില്ല. ഭാഗ്യത്തിലില്ല എങ്കില് ബുദ്ധിയിലൊരിക്കലും വരില്ല. സമ്പന്നരാണെങ്കില് 5 ലക്ഷത്തിന്റെ ഇന്ഷ്വറന്സ് എടുക്കുന്നു. പാവങ്ങളാണെങ്കില് 500 രൂപയുടെ ഇന്ഷ്വറന്സ് എടുക്കും. ഇവിടെ കൂടുതല് ദരിദ്രരാണ് ഇന്ഷ്വറന്സ് എടുക്കുന്നത്. ദരിദ്രന്റെ ഒരു പിടി അരി സമ്പന്നന്റെ ധനത്തിന് തുല്യമാണ്. മമ്മ എന്താണ് ഇന്ഷ്വര് ചെയ്തതെന്ന് നോക്കൂ. ശരീരം കൊണ്ടും മനസ്സുകൊണ്ടും സേവനം ചെയ്തുവല്ലോ. വളരെയധികം ധനം കൊടുക്കുന്നവര്ക്കുപോലും ഇത്രയധികം പദവി ലഭിക്കുകയില്ല.

നിങ്ങള് നരനില് നിന്നും നാരായണനായിതീരുവാനുള്ളവരാണ്. ഈ അറിവ് തന്നെ സ്വരാജ്യയോഗമാണ്. നാം മമ്മയേയും ബാബയേയും ഫോളൊ ചെയ്യുന്നു എന്ന് ഓരോരുത്തരുടേയും ബുദ്ധിയിലുണ്ടല്ലോ. അത്രയും പുരുഷാര്ത്ഥം ചെയ്യണമല്ലോ. ഈ ജ്ഞാനസാഗരന് ഓരോ ഇടവഴിയിലും പോകില്ല. ബാബക്ക് പബ്ലിക്ക് ആയി ഭാഷണം ചെയ്യുവാന് കഴിയുകയില്ല. ഞാന് കുട്ടികള്ക്ക് മുന്നിലിരുന്ന് ഭാഷണം ചെയ്യുകയാണ് ചെയ്യുന്നത്. ഞാന് എല്ലാവരുടേയും ബാബയാണ്. നിങ്ങള് മാതാക്കളാണ്, കുമാരിമാരാണ്. നിങ്ങള് പോയി പ്രഭാഷണം ചെയ്യണം. പ്രത്യേകിച്ച് നിങ്ങള് ബി. കെ . കളാണ്. ജഗദംബയെ കുറിച്ചുള്ള എത്ര വലിയ മേളയാണ് ഇപ്പോള് വെച്ചിരിക്കുന്നത്. അവിടെ എന്തെങ്കിലും സേവനം ചെയ്യുവാന് കഴിയുമെന്ന് നിങ്ങള് പറയുന്നുവല്ലോ. സേവനതല്പരരായ കുട്ടികള് സ്വയം തന്നെ സേവനം ചെയ്യും. ഇപ്രകാരം സ്വയം തന്നെ ചെയ്യുന്നവര് ദേവതയായിതീരും. കാലത്ത് പോകുന്നു വൈകീട്ട് മടങ്ങിവരുന്നു. സേവനം ചെയ്യുന്നതിന് ധൈര്യം വേണം. വളരെ നല്ല നല്ല കുട്ടികളുണ്ട്. എന്നാല് അവര് ഏതെങ്കിലും തരത്തിലുള്ള ബന്ധനത്തിലായിരിക്കും. രുദ്രജ്ഞാനയജ്ഞത്തില് അബലകളില് അനേകതരത്തിലുള്ള വിഘ്നങ്ങള് വരുന്നു. പ്രാക്റ്റിക്കലായി കണ്ടുകൊണ്ടിരിക്കുന്നുവല്ലോ. ബാബയില് നിന്നും സമ്പത്തെടുക്കണമെങ്കില് സേവനത്തില് തല്പരനായിരിക്കണം. ശ്രീമതനുസരിച്ച് നടക്കണം. ലൗകികത്തില് അച്ഛനും അമ്മയും ഉണ്ടെങ്കില് അവരുടേയും സേവനം ചെയ്യണം. അതോടൊപ്പം ഈ സേവനവും ചെയ്യണം. ബോംബെയില് അംബയുടെ ക്ഷേത്രത്തില് വളരെപേര് പോകുന്നുണ്ട്. അവിടേയും പോയി സേവനം ചെയ്യണം. അങ്ങിനെ സേവനം ചെയ്യുന്നവര്ക്ക് ഗവണ്മെന്റ് പോലും ശരീരനിര്വ്വാഹാര്ത്ഥം സഹായിക്കാന് തയ്യാറാണ്. അവിടെ മനസ്സിലാക്കുന്നവര് ആരുമുണ്ടാകില്ല. എങ്കിലും പരിശ്രമിക്കണം. ആരെങ്കിലും മനസ്സിലാക്കിയെന്നുവരും. വളരെയധികം സര്ജ്ജന്മാരെ വേണം. നിങ്ങള് അന്ധന്മാരുടെ ഊന്നുവടിയാകുന്നു. നിങ്ങള് കുട്ടികള്ക്ക് വളരെയധികം സേവനം ചെയ്യുവാനുണ്ട്. നിങ്ങള്ക്ക് ആരില് നിന്നും പൈസ വാങ്ങുവാനുള്ള ഇച്ഛയില്ല. നിങ്ങള് ദയാമനസ്കരായിതീരണം. ദയാമനസ്കനായ അച്ഛന്റെ കുട്ടികള് ദയാമനസ്കരായിതീരണം. വളരെപേര്ക്ക് മാര്ഗ്ഗം പറഞ്ഞുകൊടുക്കുന്നു എങ്കില് പദവിയും ഉയര്ന്നതായിതീരും. കേള്ക്കുന്നവര് വളരെയധികമുണ്ടല്ലോ. ഇവിടെ നിന്നും പോയാല് അവരെല്ലാം മറന്നുപോകുന്നു. നമ്പറനുസരിച്ചാണ് ഓരോരുത്തരും ധാരണ ചെയ്യുന്നത്. ഇതില് വളരെ നന്നായി

പരിശ്രമിക്കേണ്ടിവരും. 21 ജന്മത്തെ രാജ്യഭാഗ്യമാണ് കിട്ടുന്നത്. ഇത് ചെറിയ കാര്യമൊന്നുമല്ല. ഉറക്കം വര്ജ്ജിക്കണമെന്ന് കോണ്ഗ്രസ്സ്കാര് പോലും പറയുന്നുവല്ലോ. ഉറക്കത്തെ ജയിച്ചവരായിതീരൂ എന്ന് ബാബയും പറയുന്നു. രാത്രിപോലും ഇരുന്ന് സമ്പാദിക്കൂ.

ആരെങ്കിലും ശരീരം വിടുമ്പോള് അവര്ക്ക് ഡ്രാമയില് ഇത്രയേ പാര്ട്ടുള്ളൂ എന്ന മനസ്സിലാക്കുന്നുവല്ലോ. വിശേഷപ്പെട്ട കുട്ടികള് ബാബയുടെ അടുത്ത് വരുന്നു. ഞങ്ങള് സേവനം ചെയ്തില്ല. ബാബ പറയുന്നത് അനുസരിച്ചില്ല എന്ന് ചിലര് വളരെയധികം കണ്ണുനീര് പൊഴിക്കുന്നു. പശ്ചാത്തപിക്കുന്നു. ഇപ്രകാരം പലതരത്തിലുള്ളവര് ഉണ്ട്. സേവനം ചെയ്ത് മററുള്ളവരെ തനിക്ക് സമാനമാക്കൂ എന്ന് ബാബ സാക്ഷാത്ക്കാരം ചെയ്യിപ്പിച്ചിട്ടുണ്ട്. നിങ്ങള് ഒന്നും തന്നെ ചെയ്തില്ല. പിന്നെ ഇരുന്ന് കരയുകയാണ്. ധര്മ്മരാജന്െറ മുന്പിലും കരയും. പിന്നെ ശിക്ഷയും അനുഭവിക്കേണ്ടിവരും. പരീക്ഷയും കഴിഞ്ഞു. റിസല്ററും പുറത്തുവന്നു. പിന്നെയിരുന്ന് കരഞ്ഞിട്ടെന്താണ് കാര്യം.

ഇപ്പോള് പ്രിയതമകളെ കൊണ്ടുപോകുന്നതിനുവേണ്ടി പ്രിയതമന് വന്നിരിക്കുകയാണ്. നിങ്ങള് എന്െറ കൂടെ വരുമെങ്കില് നിങ്ങളെ ഞാന് വിശ്വത്തിന്െറ മഹാറാണിയാക്കാം എന്ന് ആ പ്രിയതമന് പറയുന്നു. പുരുഷാര്ത്ഥം ചെയ്യുന്നവര് ആയിതീരും. നക്ഷത്രങ്ങളിലും നമ്പറുണ്ടല്ലോ. ചില നക്ഷത്രങ്ങള് നന്നായി പ്രകാശിക്കും. നിങ്ങള് പ്രയത്നിച്ചുകൊണ്ടിരിക്കുന്നുവല്ലോ. ഇപ്പോള് ഗ്രഹണം ബാധിച്ചിരിക്കുന്നുവല്ലോ. നടന്ന് നടന്ന് ഗ്രഹപ്പിഴ ബാധിച്ചുവല്ലോ. കൊട്ടുകാററില് നിന്നും പുറത്തുവരുവാന് കഴിയുന്നില്ല. ഗ്രഹണം ബാധിച്ചാല് അവന് വീണു. വളരെയധികം പേര്ക്ക് ഗ്രഹണം ബാധിക്കുന്നുണ്ട്. ഗ്രഹപ്പിഴ ബാധിച്ചാല് മാതാപിതാക്കളേപോലും മറന്നുപോകും. ആരും തന്നെ പരിപൂര്ണ്ണരായിട്ടില്ല. മായയും വളരെ ശക്തനായിതീര്ന്ന് നിങ്ങളോട് യുദ്ധം ചെയ്യും. ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. സന്തുഷ്ട യോഗിയായി സേവനം ചെയ്യണം. മനസാ, വാചാ, കര്മ്മണാ ഏതെങ്കിലും പ്രകാരത്തില് സേവനത്തില് ബിസിയായിരിക്കണം.

2, രാത്രി ഉണര്ന്നിരുന്ന് സമ്പാദിക്കണം. ഉറക്കത്തെ ജയിച്ചവരായിതീരണം. ഏതു പരിതസ്ഥിതിയിലും മുരളി പഠിച്ചിരിക്കണം.

വരദാനം :- അല്പകാലത്തെ സംസ്കാരങ്ങളെ അനാദി സംസ്കാരത്താല് പരിവര്ത്തനപ്പെടുത്തുന്ന വരദാനി മഹാദാനിയായി ഭവിക്കട്ടെ.

അല്പകാലത്തെ സംസ്കാരം ആഗ്രഹിച്ചില്ലെങ്കിലും സംസാരവും കര്മവും ചെയ്യിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് പറയുന്നത് ഞാന് അങ്ങനെ ഉദ്ദേശിച്ചില്ലായിരുന്നു, എന്റെ ലക്ഷ്യമല്ലായിരുന്നു. പക്ഷേ സംഭവിച്ചുപോയി. പലരും പറയുന്നു ഞാന് ക്രോധിച്ചില്ല പക്ഷേ എന്റെ സംസാരിക്കുന്നതിന്റെ സംസ്കാരമേ ഇങ്ങനെയാണ്... അപ്പോള് ഈ അല്പകാലത്തെ സംസ്കാരവും ശക്തമാക്കുന്നു. ഇനി ഈ സംസ്കാരങ്ങളെ അനാദി സംസ്കാരത്താല് പരിവര്ത്തനപ്പെടുത്തൂ. ആത്മാവിന്റെ അനാദി യഥാര്ഥ സംസ്കാരമാണ് സദാ സമ്പന്നം, സദാ വരദാനിയും മഹാദാനിയും.

സ്ലോഗന് :- പരിതസ്ഥിതിയാകുന്ന പര്വതത്തെ പറക്കുന്ന കലയുടെ പുരുഷാര്ഥത്തിലൂടെ മറികടത്തുക തന്നെയാണ് പറക്കുന്ന യോഗിയാകുക